**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2178** **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അംഗൻവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് അംഗൻവാടികളുടെ നിർമ്മാണത്തിനായി നടപടികൾ സ്വീകരിക്കുമോ; | (എ) | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നാളിതുവരെ 41.04 കോടി രൂപ വിനിയോഗിച്ച് 204 സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സ്വന്തമായി സ്ഥലമുള്ള മുഴുവൻ അംഗൻവാടികളും ഘട്ടം ഘട്ടമായി സ്മാർട്ട് അംഗൻവാടികളാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | (ബി) സംസ്ഥാനത്ത് സ്വന്തമായി സ്ഥലം ഉള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ഒപ്പം സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കുകയും എന്നാൽ കെട്ടിടം പൊളിച്ച് പണിയണമെന്ന് ബന്ധപ്പെട്ട അധികൃതർ സാക്ഷ്യപ്പെടുത്തിയ അങ്കണവാടികളെയാണ് പുതുതായിട്ടുള്ള കെട്ടിട നിർമ്മാണത്തിന് പരിഗണിക്കുന്നത്. ഇത്തരത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി സർക്കാർ അനുമതിയ്ക്ക് വിധേയമായി ഘട്ടം ഘട്ടമായി സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം അംഗൻവാടികളുടെ നവീകരണത്തിനും സ്മാർട്ട് അംഗൻവാടികളാക്കി മാറ്റുന്നതിനുമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | (സി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട 38 അങ്കണവാടികളുടെ നവീകരണത്തിനും 3 അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**നവീകരണം**

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് | സെന്റർ നം | ആകെ എണ്ണം |
|---|---|---|---|---|
| 1 | കൊടകര അഡീഷണൽ | മറ്റത്തൂർ | 44, 53, 59, 60, 73, 80, | 6 |
| 2 | കൊടകര അഡീഷണൽ | വരന്തരപ്പിള്ളി | 81, 82, 84, 85, 86, 87, 88, 89, 90, 101, 103, 104, 105, 106, 107, 108, 109, 112, 113, 114, 115, 116, 118, 119 | 24 |
| 3 | ഇരിങ്ങാലക്കുട | പറപ്പൂക്കര | 106, 123 | 2 |
| 4 | കൊടകര | അളഗപ്പനഗർ | 12, 13, 26 | 3 |
| 5 | കൊടകര | തൃക്കൂർ | 38 | 1 |
| 6 | കൊടകര | നെന്മണിക്കര | 63 | 1 |
| 7 | ചേർപ്പ് | വല്ലച്ചിറ | 96 | 1 |
| ആകെ | | | | 38 |

**സ്മാർട്ട് അങ്കണവാടി**

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് | സെന്റർ നം | ആകെ എണ്ണം |
|---|---|---|---|---|
| 1 | കൊടകര | നെന്മണിക്കര | 53, 60 | 2 |
| 2 | കൊടകര അഡീഷണൽ | മറ്റത്തൂർ | 46 | 1 |
| ആകെ | | | | 3 |

Seema

സെക്ഷൻ ഓഫീസർ